(12) കേരള സാഹിത്യ അക്കാദമിയുടെ സ്വയംഭരണ സ്വഭാവം

ശ്രീ. ഇ.കെ. നായനാർ: കേരള സാഹിത്യ സാംസ്കാരിക രംഗത്ത് ഈ ഗവൺമെൻറ് കൈക്കൊള്ളുന്ന നടപടിയെ സംബന്ധിച്ചാണ് എനിക്ക് ഗവൺമെൻറിൻെറ ശ്രദ്ധ പതിപ്പിക്കാനുള്ളത്. ഇപ്പോൾ സാഹിത്യ അക്കാദമിയെ സർക്കാരിൻെറ പൊൽപടിക്ക് കീഴിൽ ഒതുക്കി നിർത്താൻ വേണ്ടിയുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ രണ്ട് വർഷക്കാലമായി ഏകദേശം ഒരു അഡ്ഹോക്ക് കമ്മിറ്റിയാണ് പ്രവർത്തിക്കുന്നത്. അക്കാദമിയുടെ ഭരണഘടനയ്ക്കും ചില ദേഗതികളും നിർദ്ദേശിച്ചിട്ടുള്ളതായിട്ടാണ് എനിക്ക് അറിയാൻ സാധിച്ചിട്ടുള്ളത്. അതായത് ജനാധിപത്യ ഭരണഘടനയിലെ നിബന്ധനകൾക്ക് വിരുദ്ധമായി മുഴുവൻ അംഗങ്ങളേയും നോമിനേറ് ചെയ്യുന്ന ഒരു സംവിധാനമാണ് ഗവൺമെൻറ് കൊണ്ടുവന്നിട്ടുള്ള നിർദ്ദേശത്തിൽ ഉള്ളത്. അത് അവരെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിന് ഈ അഡ്ഹോക്ക് കമ്മിറ്റിക്കാരെയൊക്കെക്കൊണ്ട് നോമിനേറ് ചെയ്ത ആ സിസ്റ്റത്തെ അംഗീകരിപ്പിച്ച് ഈ സാഹിത്യ അക്കാദമിയുടെ ആട്ടോണമസ് സ്വഭാവമാകെ കളഞ്ഞു കുളിക്കത്തക്ക വിധത്തിലുള്ള ഒരു നിലപാട് ഈ സർക്കാർ കൈക്കൊള്ളാൻ പോകുകയാണ്". ഇത് ഞാൻ ചൂണ്ടിക്കാണിക്കുമ്പോൾ അഖിലേന്ത്യാടിസ്ഥാനത്തിൽ സാഹിത്യ അക്കാദമിയുണ്ട്. പണ്ഡിറ് ജവഹർലാൽ നെഹ്റുവും മൗലാനാ ആസാദും, ഡോ. രാധാകൃഷ്ണനും അന്ന് ഭരണകർത്താക്കളുമാണ്, അവർ സാഹിത്യകാരൻമാരുമാണ്. രണ്ടുമാണ്. അങ്ങനെയാണെങ്കിലും അവർ സംഘടിപ്പിച്ചിരുന്ന സാഹിത്യ അക്കാദമിക്ക് ഒരു ആട്ടോണമസ് സ്വഭാവമാണ് ഉണ്ടായിരുന്നത്. ആരും ഇതിനകത്ത് ഇടപെട്ടിരുന്നില്ല. അതിനകത്ത് ഒരുദ്യോഗസ്ഥനെ മാത്രമേ ഗവൺമെൻറ് നിശ്ചയിക്കൂ, ബാക്കി മുഴുവൻ ആ കൗൺസിലിലേക്കും നിർമ്മാണ സമിതിയിലേക്കും പ്രശസ്ത സാഹിത്യകാരൻമാരെ തിരഞ്ഞെടുക്കാനുള്ള ജനറൽ കൗൺസിലിൻെറ അധികാരം നിലനിർത്തിക്കൊണ്ടായിരുന്നു ചെയ്തിരുന്നത്. ആ അധികാരം ഇല്ലാതാക്കാനാണ് ഇപ്പോൾ ഈ ഗവൺമെൻറ് ശ്രമിക്കുന്നത്. എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അതായത് ഭിന്നാഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്ന അക്കാദമി അംഗങ്ങളെ പുറത്താക്കാം. അക്കാദമിയുടെ ആട്ടോണമസ് സ്വഭാവം കളഞ്ഞുകുളിച്ച് എല്ലാ അധികാരവും ഒരു സ്റിയറിംഗ് കമ്മിറ്റിയാണ് നിർവ്വഹിക്കാൻ പോകുന്നത്. ഒരു സാംസ്കാരിക സ്ഥാപനത്തെ ഇങ്ങനെ ഗവൺമെൻറിൻെറ പരിധിയിൽ കൊണ്ടുവരുന്നത് അപകടകരമാണ്. സാഹിത്യത്തിനേറെയും സംസ്കാരത്തിനേറെയും വികാസപരമായ വളർച്ചയെ, അതിൻെറ പുരോഗതിയെ, ഏറ്റവും തടസ്സപ്പെടുത്തി സ്വന്തം കൈയിൽ ഒതുക്കാൻ ഒരു തുഗ്ലക് ഭരണം— ഇപ്പോഴല്ല—ക്രമേണ ഒരു തുഗ്ലക്, ഭരണം ഇതിനകത്ത് അടിച്ചേൽപിക്കാൻ സാധിക്കുന്ന ഒരു സമീപനത്തിലേക്കാണ് ഈ ഗവൺമെൻറ് പോകുന്നത്. കഴിഞ്ഞ 29 വർഷക്കാലം അതുണ്ടായിരുന്നില്ല. 1956—ൽ ആണ് കേരളത്തിൽ സാഹിത്യ അക്കാദമി വന്നത്. ഈ 29 വർഷക്കാലവും ഇത്തരമൊരു സംവേവുമുണ്ടായിരുന്നില്ല. അന്ന് അത് ഉദ്ഘാടനം ചെയ്ത മൗലാനാ അബ്ദുൽകലാം ആസാദ് (അന്ന് അദ്ദേഹം ഇൻഡ്യാ ഗവൺമെൻറിൻെറ വിദ്യാഭ്യാസ മന്ത്രിയായിരുന്നു) പറഞ്ഞു Our duty is only to raise the curtain. Now the stage is yours. അത് സാഹിത്യകാരൻമാരുടേതാണ്. കർട്ടൻ ഉയർത്തുക മാത്രമേ ഗവൺമെൻറിന് ജോലിയുള്ളൂ. പിന്നിടുള്ളതു മുഴുവൻ സാഹിത്യകാരൻമാരെ ഏല്പിച്ചുകൊടുത്തിരിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. ഇത് 29 വർഷം മുമ്പ് മൗലാനാ ആസാദ് ചെയ്ത പ്രസംഗമാണ്. അവിടെ Now the stage is yours എന്ന് ആസാദ് പറഞ്ഞു. ഇവിടെ ഇപ്പോൾ കേരളാ ഗവൺമെന്റ് ചെയ്യാൻപോകുന്നത്. The stage is ours. Now we are dropping the curtain. ധന സഹായം ചെയ്യുന്നത്. ഒഴിച്ചാൽ കേന്ദ്ര സാഹിത്യ അക്കാഡമിയുടെ കാര്യത്തിൽ മിക്കവാറും ഗവൺമെന്റ് ഇടപെടാറില്ല; കാരണം ഉദ്യോഗസ്ഥൻമാരുടെ നിയമനം സാമ്പത്തിക കാര്യങ്ങളും തുടങ്ങിയ കാര്യങ്ങളെല്ലാം അവർ തന്നെയാണ് നിശ്ചയിക്കാറ്. ഒരൊറ ഉദ്യോഗസ്ഥനെമാത്രമേ സർക്കാർ നിശ്ചയിക്കാറുള്ളൂ. ഈ കാര്യത്തെ സംബന്ധിച്ച് അനേകദശവൽസരക്കാലം പ്രശസ്തമായ നിലയിൽ നടന്നിരുന്ന സാഹിത്യ അക്കാഡമിയെ സംബന്ധിച്ച്, ഖോസ്ല കമ്മീഷൻ ഇവിടെ വന്ന് അന്വേഷിച്ച് ഏറ്റവും നല്ല റിപ്പോർട്ട് വച്ചു. പോരായ്മയുണ്ടാകാം. ഞാൻ പറയുന്നത് ശരിയല്ലേ എന്നു നോക്കിയാൽ മതി. ഖോസ്ല കമ്മീഷന്റെ റിപ്പോർട്ടിൽ മാതൃകാപരമാണ് ഇവിടത്തെ പ്രവർത്തനം എന്ന് എഴുതിവച്ചിട്ടുണ്ട്. ഇത് കൂടാതെ കമ്മീഷൻ പ്രത്യേകിച്ച് അഭിനന്ദനം രേഖപ്പെടുത്തി. ഇൻഡ്യയിലെ ദേശീയ സാഹിത്യ അക്കാഡമി രൂപം കൊണ്ടതും ഇതേരൂപത്തിലാണ്. സ്റ്റാഫിനെ നിശ്ചയിക്കുക, ശമ്പളം നിശ്ചയിക്കുക എല്ലാം കൗൺസിലാണ്. ഇപ്പോൾ ഇതെല്ലാം ഒതുക്കി, ഇതിലൊക്കെ നോമിനേറ്റഡ് മെമ്പർമാരാക്കി. ആ തരത്തിൽ ഈ അക്കാഡമിയുടെ ജനറൽ കൗൺസിലിന്റെ അധികാരമെല്ലാം എടുത്തു കളഞ്ഞ് ഉദ്യോഗസ്ഥമേധാവിത്വത്തിൽ കൊണ്ടുവരുന്ന ഒരു നിലപാട് സ്വീകരിച്ചത് തീർച്ചയായും അതിന്റെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കാൻ ശ്രമിക്കുകയാണ് എന്ന് ബഹുമാനപ്പെട്ട അച്യുതമേനോൻ, ശ്രീ. സുകുമാർ അഴിക്കോട്, ശ്രീ. എൻ. കൃഷ്ണപിള്ള, ഡോ. കെ. എം. ജോർജ്, ശ്രീ. തകഴി ശിവശങ്കരപ്പിള്ള, ശ്രീ. ഒ.എൻ.വി. കുറുപ്പ് തുടങ്ങിയ എണ്ണപ്പെട്ട ആളുകളും വളരെ ശക്തിമത്തായ വിമർശനം നടത്തിയിരിക്കുകയാണ്. ഇങ്ങനെ ഒതുക്കാനുള്ള ശ്രമം പാടില്ല. അക്കാഡമിയുടെ ജനാധിപത്യ സ്വഭാവത്തെ അവഗണിക്കാൻ പാടില്ല, അതുകൊണ്ട് ഗവൺമെന്റ് ഇതിനെപ്പറ്റി ആലോചിച്ച് 29 വർഷക്കാലം തുടർന്നിട്ടുള്ള ഈ ആട്ടോണമസ് സ്വഭാവം അംഗീകരിച്ചു കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാൻ ഉള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഇപ്പോൾ സാഹിത്യ അക്കാഡമി നോമിനേറ്റ് ചെയ്യുകയാണ്. ആ അക്കാഡമി ജനറൽ കൗൺസിലിലേക്ക് ആളുകളെ നിശ്ചയിക്കാറുണ്ട്. ആ നിശ്ചയിക്കുന്നത് ഗവൺമെന്റ് നിശ്ചയിച്ച അക്കാഡമി ജനറൽ കൗൺസിലിലേക്ക് നിയമിക്കുന്നതിനു പകരം സർക്കാർ നേരിട്ടായാൽ എന്താണ് എന്ന ഒരു നിർദ്ദേശരൂപേണയുള്ള ഒരു കരട് സാഹിത്യ അക്കാഡമിക്ക് അയച്ചു കൊടുത്തിരിക്കുകയാണ്. സാഹിത്യ അക്കാഡമിയും ജനറൽ കൗൺസിലും വിളിച്ചുകൂട്ടി അത് ചർച്ച ചെയ്ത് ഈ നിർദ്ദേശങ്ങളും ഓരോന്നും പരിശോധിച്ച് അഭിപ്രായം അറിയിക്കണമെന്നും അങ്ങനെ അറിയിച്ചതിനുശേഷം മൂന്നു സമിതികളുടെ ചെയർമാൻമാരേയും ബന്ധപ്പെട്ടവരേയും ഞാൻതന്നെ വിളിച്ച് കാര്യങ്ങളും സംസാരിച്ചു.

സാഹിത്യ അക്കാഡമിയുടെ ആട്ടോണമസ് സ്വഭാവം എത്രകണ്ട് ഫലപ്രദമാക്കിത്തീർക്കാൻ സാധിക്കുമെന്നുള്ളതല്ലാതെ അതിൽ അശേഷം വെള്ളം ചേർക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ അത് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ രംഗത്ത് നമുക്ക് കഴിവുറ്റ, പ്രഗത്ഭൻമാരായ, പ്രഗത്ഭമതികളായ ആളുകളുടെ സേവനം ഉപയോഗപ്പെടുത്താൻ ഗവൺമെൻറിന് സന്തോഷമേയുള്ളു. ഈ ഒരു കരട് സാംസ്കാരിക വകുപ്പിൽനിന്ന് തയ്യാറാക്കിയത്, സാഹിത്യ അക്കാഡമിക്ക് അയച്ചുകൊടുത്തിരിക്കുകയാണ്. അതുകൂടി കിട്ടി വേണ്ടപ്പെട്ടവരുമായി ചർച്ച ചെയ്തതിന് ശേഷം മാത്രമേ തീരുമാനം എടുക്കൂ. ഏത് തീരുമാനം എടുക്കുമ്പോഴും അതിൻെറ ആട്ടോണമസ് സ്വഭാവത്തിൽ എന്തെങ്കിലും കുറവ് വരുത്താൻ ഗവൺമെൻറ് ആഗ്രഹിക്കുന്നില്ല.

(13) റൂളിങ്ങിൻെറ പേരിൽ സ്പീക്കർക്കെതിരെ സ്വീകരിച്ചതായി പറയപ്പെടുന്ന നിലപാട്.

ശ്രീ. ബേബി ജോൺ: സർ, അങ്ങയുടേയും ഈ സഭയുടേയും ശ്രദ്ധയിൽ ഈ സഭയുടെ നടപടിക്രമങ്ങളെ പൊതുവേ ഗൗരവതരമായി ബാധിക്കുന്ന ഒരു പ്രശ്നം കൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണ്. ഇന്നത്തെ ചില പത്രങ്ങളിൽ ഒരു വാർത്ത വന്നു. വാർത്ത ആധികാരികമായിട്ട് അല്ല. ആ വാർത്ത എന്നു പറയുന്നത് ''സ്പീക്കറെ മാറ്റാൻ അണിയറ നീക്കം'' എന്നാണ്. നിയമസഭാ സ്പീക്കർ സ്ഥാനത്തു നിന്നും വി. എം. സുധീരനെ മാറ്റുന്നതിന് കോൺഗ്രസ്സ് ഐ-ക്കുള്ളിൽ അണിയറ നീക്കം ആരംഭിച്ചിരിക്കുന്നു. അദ്ദേഹത്തെ നിലയ്ക്ക് നിർത്താനെങ്കിലും കർശനനടപടികളും വേണമെന്നാണ് പാർട്ടി നിയമസഭാ കക്ഷി യോഗം തീരുമാനിച്ചിരിക്കുന്നത്. സ്പീക്കറെ മാറ്റുകയോ മാറ്റാതിരിക്കുകയോ അല്ല പ്രശ്നം. അതിന് പറയുന്ന കാരണം സ്പീക്കർ ബുധനാഴ്ച നിയമസഭയിൽ നൽകിയ റൂളിംഗ് പെട്ടെന്ന് കോൺഗ്രസ്സ് നേതൃത്വത്തെ ചൊടിപ്പിച്ചു എന്നാണ്. ആ റൂളിങ്ങിൽ നിയമസഭയെ റബ്ബർ സ്റ്റാമ്പാക്കി മാറ്റാനുള്ള പ്രവണതയ്ക്കെതിരെ അദ്ദേഹം ഭരണാധികാരികൾക്ക് താക്കീത് നൽകുകയാണ് ചെയ്തത്. റൂളിങ്ങിനെ തുടർന്ന് അടിയന്തിരമായിട്ട് കോൺഗ്രസ്സ് നിയമസഭാ കക്ഷി യോഗം ചേർന്ന് ഇങ്ങനെയാണ് പറയുന്നത്. ഓർഡിനൻസുകളും പുറപ്പെടുവിക്കുന്നതിനെതിരെ റൂളിങ്ങിൽ ശ്രീ. സുധീരൻ നടത്തിയ കടുത്ത വിമർശനം ഗവൺമെൻറിനെതിരായ കടന്നാക്രമണമായിട്ടാണ് എം.എൽ.എ.മാരുടെ യോഗം കണക്കിലെടുത്തിരിക്കുന്നത്. പ്രസക്തഭാഗങ്ങൾ മാത്രമേ ഞാൻ വായിക്കുന്നുള്ളു. ഞാൻ നേരത്തെ പറഞ്ഞതുപോലെ ആര് സ്പീക്കർ ആകണമെന്നുള്ളത് ഭൂരിപക്ഷ കക്ഷികളുടെ നേതാക്കൻമാരും കക്ഷിയുമാണ് തീരുമാനിക്കുന്നത്. ഞാൻ ഇവിടെ ഉന്നയിക്കുന്ന പ്രശ്നം, ഈ സഭയുടെ നാഥൻ, ഒരിക്കൽ നാഥനായിത്തീർന്നാൽ, അദ്ദേഹത്തിൻെറ പ്രവർത്തനം സംബന്ധിച്ചുള്ള കീഴ്വഴക്കങ്ങളും ചട്ടങ്ങളുമുണ്ട്. അങ്ങ് ഒരു റൂളിങ്ങ് നൽകിയാൽ ആ റൂളിങ്ങിനെ സംബന്ധിച്ച് ചോദ്യം ചെയ്യാൻ പാടില്ലായെന്നാണ് ഇതുവരെയുള്ള നടപടിക്രമങ്ങൾ. നമ്മുടെ പാർലമെൻറിലും നിയമസഭകളിലും ഹൗസ് ഓഫ് കോമൺസിലുമൊക്കെ ഹൗസിൻെറ അതോറിട്ടിയെക്കുറിച്ച് പറയുന്നുണ്ട്..... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly